RR4- 16793/14

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലുടെ ആഫീസ്,
വഞ്ചിയൂർ, തിരുവനന്തപുരം-പിൻ-695 035
ഫോൺ-0471 2472110, 2472118
തീയതി:
e-mail-regig.kerala@nic.in

**രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ**
**തിരുവനന്തപുരം**

**എല്ലാ ഡി.ഐ.ജി മാർക്കും**
**എല്ലാ ജില്ലാരജിസ്ട്രാർമാർക്കും**

**സർ,**

**വിഷയം:- രജിസ്ട്രേഷൻ വകുപ്പ്- കേരള മുദ്ര പത്ര നിയമം 54(2) പ്രകാരമുള്ള മുദ്രസല നിർണ്ണയം സംബന്ധിച്ച്**

**സൂചന:- 1.എറണാകുളം ജില്ലാ രജിസ്ട്രാറുടെ 26/06/2014 തീയതിയിലെ INS(2) 1779/14 നമ്പർ കത്ത്.**
**2.02.02.2016 തീയതിയിലെ എൽ.ആർ(എ)3-46421/15-ാം നമ്പർ കത്ത്.**

എറണാകുളം ജില്ലയിലെ മരട് സബ് രജിസ്ട്രാർ ആഫീസിൽ ഹാജരാക്കിയ ഒരു ആധാരം പി.4/14- ാം നമ്പരായി ബന്തവസ്സ് ചെയ്ത് മുദ്രവില നിർണ്ണയത്തിനായി ജില്ലാ രജിസ്ട്രാർക്ക് സമർപ്പിക്കുകയും ആയത് കേരള മുദ്ര പത്ര നിയമം വകുപ്പ് 54(2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറുടെ ആധികാരിക ഉത്തരവിനായി ഈ ആഫീസ് മുഖേന സമർപ്പിച്ചിട്ടുള്ളതുമാണ്. ടി ബന്തവസ്സാധാരത്തിൽ മുദ്രനിർണ്ണയത്തിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. ആധാരത്തിൽ ആവശ്യമായ വവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ആയതിനുമേൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചശേഷം, കേരള മുദ്രപ്പത്രനിയമം വകുപ്പ് 54(2) പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി നിർണ്ണയത്തിൽ സംശയമുള്ള പക്ഷം മാത്രം മുദ്രനിർണ്ണയത്തിനായി ലാൻഡ് റവന്യൂ കമ്മീഷണർക്ക് അയയ്ക്കേണ്ടതാണെന്നുള്ള വിവരം സൂചന(2) പ്രകാരം അറിയിച്ചിരിക്കുന്നു .

ലാൻഡ് റവന്യൂ കമ്മീഷണറുടെ സൂചന(2) പ്രകാരമുള്ള നിർദ്ദേശം മുദ്ര വില നിർണ്ണയത്തിനായി സമർപ്പിക്കുന്ന ആധാരങ്ങളിൽ പാലിക്കേണ്ടതാണ് എന്നുള്ള വിവരം അറിയിക്കുന്നു.

രജിസ്ട്രേഷനായി ഹാജരാക്കുന്ന ആധാരത്തിൽ മുദ്ര വില നിർണ്ണയിക്കാൻ ആവശ്യമായ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും അല്ലാത്തപക്ഷം സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പിനായി ആധാരത്തിന്റെ പ്രസക്ത വിവരങ്ങൾ മറച്ചുവച്ചതിന് കേരള മുദ്ര പത്ര നിയമം വകുപ്പ് 28(1), 64 പ്രകാരം പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതാണ് എന്നുള്ള വിവരം ബന്ധപ്പെട്ട കക്ഷികളെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എറണാകുളം ജില്ലാ രജിസ്ടാറിനെ ചുമതലപ്പെടുത്തുന്നു. കൂടാതെ സമാന രീതിയിൽ മുദ്രവില തിട്ടപ്പെടുത്തുന്നതിന് വേണ്ട പ്രസക്തമായ വിവരങ്ങൾ മറച്ചുവെച്ച് മുദ്രവില വെട്ടിപ്പിനായി അഡ്ജ്യൂഡിക്കേഷന് ഹാജരാക്കുന്ന ആധാരങ്ങളിൽ തികഞ്ഞ ഗൗരവം പുലർത്തി മാത്രം തീരുമാനങ്ങളെടുക്കണമെന്ന് എല്ലാ ജില്ലാ രജിസ്ട്രാർമാരേയും അറിയിച്ചുകൊള്ളുന്നു.

താങ്കളുടെ വിശ്വസ്തൻ

**രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനു വേണ്ടി**

**ഉള്ളടക്കം:സൂചന(2)**

എൽ.ആർ.എ3-46421/15.

ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 02.02.2016.

കമ്മീഷണർ,
ലാന്റ് റവന്യൂ.

3557

INSPECTOR G... 10 FEB 2016

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ,
തിരുവനന്തപുരം.

സർ,

വിഷയം : കേരള മുദ്രപ്പത്രനിയമം 54 (2) പ്രകാരമുള്ള മുദ്ര നിർണ്ണയം - സംബന്ധിച്ച്.

സൂചന : താങ്കളുടെ 16.11.2015-ലെ RR4-16793/14 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരള സ്റ്റാമ്പ് ആക്ട് വകുപ്പ് 54(2) പ്രകാരം കരണത്തിന് ചുമത്തേണ്ട സ്റ്റാമ്പ് ഡ്യൂട്ടിയെക്കുറിച്ച് സംശയം തോന്നുന്ന കേസുകളിലാണ് കളക്ടർ (ജില്ലാ രജിസ്ട്രാർ) തീർപ്പിനായി ലാന്റ് റവന്യൂ കമ്മീഷണർക്ക് അയയ്ക്കേണ്ടത്. ആധാരവും, 26.6.14-ലെ ജില്ലാ രജിസ്ട്രാറുടെ കത്തും പരിശോധിച്ചതിൽ, മരട് സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്ട്രേഷനായി ഹാജരാക്കിയ പി.4/14-ാം നമ്പർ ബന്തവസ്സാധാരത്തിൽ ബന്ധപ്പെട്ട കേസിൽ സ്റ്റാമ്പ് ഡ്യൂട്ടി നിർണ്ണയിക്കുവാൻ പര്യാപ്തമായ വിവരങ്ങളുടെ അഭാവത്തിലും എറണാകുളം ജില്ലാ രജിസ്ട്രാർ അനുമാനത്തിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി നിർണ്ണയം നടത്തി തീർപ്പിനായി അയച്ചിരിക്കുന്നു. ആധാരത്തിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ആയതിനുമേൽ നിയമാനുസൃതം നടപടികൾ സ്വീകരിച്ചശേഷം, കേരള മുദ്രപ്പത്ര നിയമം വകുപ്പ് 54(2) പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി നിർണ്ണയത്തിൽ സംശയമുള്ളപക്ഷം മാത്രം മുദ്രനിർണ്ണയത്തിനായി ഈ കാര്യാലയത്തിലേക്ക് അയക്കേണ്ടതാണെന്നുള്ള വിവരം അറിയിക്കുന്നു.

www.aadhaaram.in

വിശ്വസ്തതയോടെ,
(ഒപ്പ്)
കമ്മീഷണർ

അംഗീകാരത്തോടെ,
സൂപ്രണ്ട്

പകർപ്പ്:

ജില്ലാ രജിസ്ട്രാർ (ജനറൽ),
എറണാകുളം. (INS (2) 1779/4 തീയതി 26.6.14)